ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.10.2023** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്തിന്റെ ദ്രുതഗതിയിലുള്ള വികസനത്തിനും പിന്നാക്ക ജില്ലകളുടെ കൈത്താങ്ങിനുമായി പ്രവർത്തിക്കാൻ ഉദ്യോഗസ്ഥരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **The Prime Minister Narendra Modi urges the officials to work for rapid development of the country and handholding of backward districts.**

2. രാജ്യമൊട്ടാകെ സ്വച്ഛ് ഭാരതിന്റെ ഭാഗമായുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് ഇന്ന് തുടക്കം. ശുചീകരണ യജ്ഞത്തിനായി രാജ്യം ഒത്തുചേരണമെന്ന് പ്രധാനമന്ത്രി.

   **The Mega cleaning drive as part of Swachh Bharat across the country to begin today. Prime Minister urges the people to come together for the cleanliness drive.**

3. കുതിപ്പ് തുടർന്ന് ഇന്ത്യയുടെ സൗര ദൗത്യം ആദിത്യ എൽ1 ; 9.2 ലക്ഷം കിലോമീറ്റർ സഞ്ചരിച്ച് ഭൂമിയുടെ ആകർഷണവലയം കടന്നതായി ഐ.എസ്.ആർ.ഒ.

   **India's Solar Mission Aditya L1 successfully escaped sphere of Earth's influence; The spacecraft travels 9.2 lakh kilometres from Earth, says ISRO**

4. പ്രശസ്ത കാർട്ടൂണിസ്റ്റും ഹാസ്യ സാഹിത്യകാരനുമായ സുകുമാർ അന്തരിച്ചു.

   **Cartoonist and satirist Sukumar passes away.**

5. **ഏഷ്യൻ ഗെയിംസിൽ സുവർണ്ണ നേട്ടവുമായി ഇന്ത്യ; മെഡൽ നേടിയ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു.**

   **India clinches gold at Asian Games; PM Modi lauds performance of Indian players**

6. **കേരളത്തിൽ മഴ തുടരും; ഇന്ന് അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

   **Rainfall to continue in Kerala; Yellow alert in five districts**

******************

## EVE PM SANKALP SAPTAAH

എല്ലാ സംസ്ഥാനങ്ങളുടെയും ദ്രുതഗതിയിലുള്ള വികസനത്തിനും പിന്നാക്ക ജില്ലകളുടെ കൈത്താങ്ങിനും വേണ്ടി പ്രവർത്തിക്കാൻ ഉദ്യോഗസ്ഥരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. സദ്ഭരണത്തിന്റെ അടിസ്ഥാനകാര്യങ്ങളിൽ ശ്രദ്ധിച്ചാൽ എത്ര വെല്ലുവിളി നിറഞ്ഞ ലക്ഷ്യങ്ങളും കൈവരിക്കാനാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ബ്ലോക്ക് തല വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന **സങ്കൽപ് സപ്താഹിന്റെ** ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലുടനീളമുള്ള 329 ജില്ലകളിലെ 500 ആസ്പിരേഷണൽ ബ്ലോക്കുകളിലാണ് ഒരാഴ്ച നീണ്ടുനിൽക്കുന്ന സങ്കൽപ് സപ്താഹ് നടപ്പാക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് തലപ്രതിനിധികൾ ഉൾപ്പെടെ രണ്ട് ലക്ഷത്തോളം പേർ പരിപാടിയിൽ പങ്കാളികളായി.

******************

## PM-TELANGANA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തെലങ്കാന സന്ദർശിക്കും. നിരവധി വികസന പരിപാടികൾ അദ്ദേഹം രാജ്യത്തിന് സമർപ്പിക്കും. റോഡ്, റെയിൽ അടിസ്ഥാന സൗകര്യങ്ങൾ,

വിദ്യാഭ്യാസം, ആരോഗ്യം, ഊർജം, വൈദ്യുതി എന്നിവയുമായി ബന്ധപ്പെട്ട 21,566 കോടി രൂപയുടെ പദ്ധതികൾക്ക് തറക്കല്ലിടും. നാഗ്പൂർ മുതൽ വിജയവാഡ വരെയുള്ള സാമ്പത്തിക ഇടനാഴിയുടെ ഭാഗമായുള്ള പ്രധാന റോഡ് പദ്ധതികളുും ഇതിൽ ഉൾപ്പെടുന്നു.

******************

## REV. GUJ-AMIT SHAH

വികസനയാത്രയിൽ സമൂഹത്തിലെ ഒരു വിഭാഗവും പിന്നാക്കം പോകില്ലെന്ന് കേന്ദ്രസർക്കാർ ഉറപ്പാക്കുമെന്ന് കേന്ദ്ര ആഭ്യന്തര, മന്ത്രി അമിത് ഷാ. ഗുജറാത്തിലെ അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷന്റെയും അഹമ്മദാബാദ് നഗര വികസന അതോറിറ്റിയുടെയും വിവിധ വികസന പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ കരകൗശലത്തൊഴിലാളികളുടെ ശാക്തീകരണത്തിനായുള്ള പ്രധാനമന്ത്രി വിശ്വകർമ യോജനയെ ശ്രീ ഷാ അഭിനന്ദിച്ചു. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും ചടങ്ങിൽ പങ്കെടുത്തു.

******************

## SWACHHATA-EK GHANTA- INTRO

രാജ്യമൊട്ടാകെ സ്വച്ഛ് ഭാരതിന്റെ ഭാഗമായുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് ഇന്ന് തുടക്കം. ശുചീകരണ പ്രവർത്തനങ്ങൾക്കായി രാവിലെ 10 മണിക്ക് രാജ്യം ഒത്തുചേരണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തു. സ്വച്ഛ് ഭാരത് എന്ന ലക്ഷ്യം കൂട്ടുത്തരവാദിത്തത്തിൽ അധിഷ്ഠിതമാണെന്നും, ശുചിത്വമുള്ള ഭാവിക്കായി ഈ മഹത്

ഉദ്യമത്തിൽ എല്ലാവരും അണിചേരണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

*വിശദാംശങ്ങളിലേക്ക്.....*
*(വോയിസ്)*
******************

## SWACHHATA-EK GHANTA- VOICE

ഗാന്ധിജയന്തിക്ക് മുന്നോടിയായി ഒക്ടോബർ 1-ന് മെഗാ ശുചിത്വ ഡ്രൈവിനായി ഒരു മണിക്കൂർ സമയം കണ്ടെത്താൻ പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. വൃത്തിയുള്ള ഇന്ത്യക്കായി '***ഒന്നാം തിയതി , ഒരു മണിക്കൂർ, ഒരുമിച്ച്***' എന്ന പ്രധാനമന്ത്രിയുടെ ആഹ്വാനം ലോകത്തിലെ ഏറ്റവും വലിയ പരിശ്രമമായിരിക്കും. ഗ്രാമങ്ങളിലും നഗരങ്ങളിലും നിന്നുമായി ആറു ലക്ഷത്തി നാൽപതിനായിരം സ്ഥലങ്ങൾ മെഗാ ശുചീകരണ യജ്ഞത്തിനായി തിരഞ്ഞെടുത്തതായി കേന്ദ്രമന്ത്രി ഹർദ്ദീപ് സിങ് പുരി അറിയിച്ചു. ശുചീകരണ യജ്ഞത്തിൽ ആദ്യമായി കര, നാവിക, വ്യോമസേനാ ഉദ്യോഗസ്ഥർ ജനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുമെന്നും ശ്രീ ഹർദ്ദീപ് സിങ് പുരി പറഞ്ഞു. പൊതുസ്ഥലങ്ങളായ കമ്പോളങ്ങൾ, റെയിൽവേ ട്രാക്കുകൾ, ജലാശയങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ സമൂഹത്തിന്റെ നാനാതുറകളിലുള്ള പൗരന്മാർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. ഒരു ലക്ഷത്തോളം പാർപ്പിട മേഖലകളിൽ സന്നദ്ധസേവനം നടത്താൻ നിരവധി സംഘടനകളും മുന്നോട്ട് വന്നിട്ടുണ്ട്. ശുചീകരണം നടത്തുന്ന ഇടങ്ങളിലെ ചിത്രങ്ങളെടുത്ത് swachhatahiseva.com

പോർട്ടലിൽ അപ്‌ലോഡ് ചെയ്യാനും ജനങ്ങൾക്ക് അവസരമുണ്ട്.

ന്യൂസ്‌ഡെസ്ക് ആകാശവാണി.....

******************

## PARL AFFAIRS MINISTRY-SWACHHTA

സ്വച്ഛ്‌ത ഹി സേവാ പ്രചാരണ പരിപാടിയുടെ ഭാഗമായി പാർലമെൻററികാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിലും ഇന്ന് **ഏക് തരീഖ് എക്ക് ഖണ്ട ഏക് സാഥ്** അഥവാ ഒരു ദിവസം, ഒരു മണിക്കൂർ, ഏവരും ഒന്നിച്ച് എന്ന ശുചീകരണ ദൗത്യം സംഘടിപ്പിക്കും. ന്യൂഡൽഹിയിലെ നവ്‌യുഗ് സ്കൂളിലും പരിസരത്തും ഇതോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടക്കും.

******************

## GUJARAT SHRAMDAN

വിപുലമായ ശുചീകരണ യജ്ഞത്തിന് ആതിഥേയത്വം വഹിക്കാൻ ഒരുങ്ങി ഗുജറാത്ത്. ശുചിത്വത്തിനായുള്ള "ഒന്നാം തിയതി, ഒരു മണിക്കൂർ, ഒരുമിച്ച്" പദ്ധതിയുടെ ഭാഗമായി ഗുജറാത്തിലെ എല്ലാ ജില്ലകളിലും വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അഹമ്മദാബാദിലെ റാണിപ്പിൽ നടക്കുന്ന ശുചിത്വ യജ്ഞത്തിൽ പങ്കെടുക്കും, മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ അഹമ്മദാബാദിലെ ഘട്‌ലോഡിയയിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കും.

******************

## SWATCHATHA HI SEWA -KERALA

സ്വച്ഛതാ ഹി സേവയോട് അനുബന്ധിച്ച് കേരളത്തിലും ശുചീകരണയജ്ഞം സംഘടിപ്പിക്കും. കായിക-യുവജനകാര്യ മന്ത്രാലയവും നൈപുണ്യ വികസന - സംരഭകത്വ മന്ത്രാലയവും നെഹ്റു യുവകേന്ദ്രയും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടി വർക്കല ശിവഗിരി ഹയർസെക്കൻഡറി സ്കൂളിൽ നടക്കും. രാവിലെ കേന്ദ്രസഹമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം ചെയ്യും.

******************

## PM - CHHATTISGARH

കോൺഗ്രസ് നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരിന്റെ കീഴിൽ ഛത്തീസ്ഗഢ് തീവ്രവാദം, അഴിമതി, ദുർഭരണം എന്നിവയാൽ പൊറുതി മുട്ടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആരോപിച്ചു. ഛത്തീസ്ഗഢിൽ ബിജെപി സംഘടിപ്പിച്ച പരിവർത്തൻ യാത്രകളുടെ സമാപനം കുറിച്ച് ബിലാസ്പൂരിൽ നടന്ന മഹാസങ്കൽപ് റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ അഞ്ച് വർഷമായി കേന്ദ്ര സർക്കാർ ഛത്തീസ്ഗഢിന് ഗണ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും, സംസ്ഥാനത്തെ കെടുകാര്യസ്ഥത മൂലം കേന്ദ്രപദ്ധതികളുടെ പ്രയോജനം സാധാരണക്കാരിലേക്ക് എത്തുന്നില്ലെന്നും ശ്രീ മോദി ആരോപിച്ചു.

******************

## ISRO

ഇന്ത്യയുടെ സൗര ദൗത്യം ആദിത്യ എൽ1, 9.2 ലക്ഷം കിലോമീറ്റർ സഞ്ചരിച്ച് ഭൂമിയുടെ ആകർഷണ വലയത്തിന് പുറത്തായി. ഇപ്പോൾ ഭൂമിയിൽ നിന്ന് 1.5 ദശലക്ഷം കിലോമീറ്റർ അകലെയുള്ള ലാഗ്രാഞ്ച് പോയിന്റ് ലക്ഷ്യമാക്കിയുള്ള പാതയിലാണ് ആദിത്യ എൽ. 1.

ബഹിരാകാശ പേടകം ഇപ്പോൾ സൺ-എർത്ത് എൽ 1 പോയിന്റ് പാതയിലാണെന്ന് ഐ.എസ്.ആർ.ഒ അറിയിച്ചു. 110 ദിവസങ്ങൾക്ക് ശേഷമാകും പേടകം L1 ഭ്രമണപഥത്തിലേക്ക് പ്രവേശിക്കുക. കഴിഞ്ഞ മാസം രണ്ടിന് വിക്ഷേപിച്ച പേടകം സൂര്യന്റെ ഫോട്ടോസ്ഫിയർ, ക്രോമോസ്ഫിയർ, കൊറോണ എന്നിവ പഠിക്കും. തദ്ദേശീയമായി വികസിപ്പിച്ച ഏഴ് പേലോഡുകളാണ് പേടകത്തിലുള്ളത്.

******************

## CARTOONIST

പ്രശസ്ത കാർട്ടൂണിസ്റ്റും ഹാസ്യ സാഹിത്യകാരനുമായ സുകുമാർ കൊച്ചിയിൽ അന്തരിച്ചു. 91 വയസ്സായിരുന്നു. കഥ, കവിത, നോവൽ, നാടകം ഉൾപ്പെടെ നാല്പതിലധികം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കേരള കാർട്ടൂൺ അക്കാദമിയുടെ സ്ഥാപകനാണ്. അക്കാദമിയുടെ ചെയർമാനായും, സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഹാസ്യ സാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ്, ഇ വി സ്മാരക സമിതി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കാർട്ടൂണിസ്റ്റ് സുകുമാറിന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. വിദ്വേഷത്തിന്റെ സ്പർശമില്ലാത്ത നർമ്മത്തിൽ പൊതിഞ്ഞ വിമർശനമാണ് സുകുമാറിനെ വ്യത്യസ്തനാക്കിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

******************

## ASIAN GAMES

ഹാങ്ഷൂ ഏഷ്യൻ ഗെയിംസിന്റെ ഏഴാം ദിനമായ ഇന്നലെയും ഇന്ത്യയ്ക്ക് സുവർണ നേട്ടം. മിക്സഡ് ഡബിൾസ് ടെന്നീസിൽ രോഹൻ ബൊപ്പണ്ണ-ഋതുജ ഭോസ്ലെ സഖ്യവും പുരുഷ ടീം

സ്ക്വാഷ് ഇനത്തിൽ സൗരവ് ഘോഷാൽ, അഭയ് സിംഗ്, മഹേഷ് മങ്കോങ്കർ എന്നിവരടങ്ങിയ സഖ്യവുമാണ് സ്വർണം നേടിയത്. ഇതിനു പുറമെ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഫൈനലിൽ ഇന്ത്യ വെള്ളി മെഡലും നേടി. ഇതോടെ 10 സ്വർണവും 14 വെള്ളിയും 14 വെങ്കലവുമായി ഇന്ത്യയുടെ മെഡൽ നേട്ടം 38 ആയി. നിലവിൽ നാലാം സ്ഥാനത്താണ് ഇന്ത്യ.

******************

## PM AIR PISTOL

ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ ഇന്ത്യൻ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. കായികതാരങ്ങളുടെ കഴിവും അർപ്പണബോധവും കൂട്ടായ പ്രവർത്തനവും പ്രശംസനീയമാണ്. രാജ്യത്തെ യുവജനങ്ങൾക്ക് താരങ്ങൾ പ്രചോദനമാണെന്നും പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

******************

## SAF UNDER-19 FOOTBALL

സാഫ് അണ്ടർ-19 ഫുട്ബോളിൽ കിരീടം ഇന്ത്യയ്ക്ക്. ഫൈനലിൽ പാക്കിസ്ഥാനെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ചാണ് ഇന്ത്യ കിരീടം നേടിയത്.

******************

## CRICKET: IND VS ENG

ഗുവാഹത്തിയിലെ ബർസപാര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കേണ്ടിയിരുന്ന ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള ലോകകപ്പ് സന്നാഹ മത്സരം മഴ മൂലം ഉപേക്ഷിച്ചു. ടോസ് നേടിയ ഇന്ത്യ ബാറ്റിങ് തിരഞ്ഞെടുത്തെങ്കിലും മഴ മൂലം മത്സരം ആരംഭിച്ചില്ല. പിന്നീട് മോശം കാലാവസ്ഥയെത്തുടർന്ന് മത്സരം

ഉപേക്ഷിക്കാൻ തീരുമാനിക്കുകയായിരുന്നു. വ്യാഴാഴ്ച അഹമ്മദാബാദിൽ ആരംഭിക്കുന്ന ലോകകപ്പ് ക്രിക്കറ്റിന്റെ ഗ്രൂപ്പ് ഘട്ടത്തിന് മുമ്പ് 10 ടീമുകളും രണ്ട് സന്നാഹ മത്സരങ്ങൾ വീതം കളിക്കും. നാളെ അഹമ്മദാബാദിൽ നടക്കുന്ന സന്നാഹ മത്സരത്തിൽ ഇംഗ്ളണ്ട് ബംഗ്ലാദേശിനെ നേരിടും. മറ്റെന്നാൾ തിരുവനന്തപുരത്ത് നടക്കുന്ന രണ്ടാം സന്നാഹ മത്സരത്തിൽ ഇന്ത്യ നെതർലൻഡ്സിനെയും നേരിടും.

******************

## RAIN

കേരളത്തിൽ മഴ തുടരും. അടുത്ത മൂന്നു മണിക്കൂറിൽ എല്ലാ ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ഇന്ന് കർണ്ണാടക തീരത്ത് മീൻപിടുത്തം വിലക്കി.

******************

## RAIN-EKM

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ എറണാകുളം ജില്ലയിൽ മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന കാക്കനാട് വില്ലേജ് കീരേലി മല നിവാസികളെ മാറ്റി പാർപ്പിച്ചു. ജില്ലാ കളക്ടറിന്റെ നേതൃത്വത്തിൽ സ്ഥിതിഗതികൾ വിലയിരുത്തി. അതിനിടെ തുടർച്ചയായ മഴയിൽ മുവാറ്റുപുഴ ഗവ. ടൗൺ സ്കൂൾ കെട്ടിടത്തിന്റെ ചുറ്റുമതിലിന്റെ ഒരു ഭാഗം ഇടിഞ്ഞു വീണ് ഒരാൾക്ക് പരിക്കേറ്റു.

******************

## J&K:TERRORISTS NEUTRALIZED

ജമ്മുകശ്മീരിലെ കുപ്‌വാര ജില്ലയിൽ ഭീകരർ നടത്തിയ നുഴഞ്ഞുകയറ്റ ശ്രമം പോലീസും സൈന്യവും ചേർന്ന് പരാജയപ്പെടുത്തി. സുരക്ഷാ സേന നടത്തിയ നീക്കത്തിൽ രണ്ട് ഭീകരരെ വധിച്ചു. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ മച്ചിൽ സെക്ടറിലെ നിയന്ത്രണ രേഖയോട് ചേർന്നുള്ള കുംകാടി മേഖലയിൽ നടത്തിയ തിരച്ചിലിലാണ് തീവ്രവാദികളെ കണ്ടെത്തിയത്.

******************

## ACCIDENT

തമിഴ്നാട്ടിലെ ഊട്ടി കൂനൂർ മരപ്പാലത്തിന് സമീപം ടൂറിസ്റ്റ് ബസ് 50 അടി താഴ്ചയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ എട്ട് പേർ മരിച്ചതായി റിപ്പോർട്ട്. 30ലധികം പേരെ കൂനൂർ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രിയിലെ അപകടം നടന്നത്.

******************

***************

**********

****

***

*